"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല -പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ അപ്പാത്ത് ചോല റോഡ് നിർമ്മാണത്തിന് അനുവദനീയമായ തുക ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് ചെയ്ത് നിർമ്മാണം നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1276/2025/LSGD തീയതി,തിരുവനന്തപുരം, 24-05-2025

---

പരാമർശം:-

1. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.09.2024-ലെ C.504/23-നമ്പർ കത്ത്
2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ലെ 4.25-നമ്പർ തീരുമാനം

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ **അപ്പാത്ത് ചോല റോഡ് നിർമ്മാണം** എന്ന പ്രവൃത്തി ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു . എന്നാൽ വനമേഖലയിലുള്ള ഈ പ്രോജക്റ്റിന് വനംവകുപ്പ് NOC നൽകാത്തതിനാൽ ടി പ്രൊജക്ട് കഴിഞ്ഞ വർഷം ഉപേക്ഷിച്ചിരുന്നുവെങ്കിലും ടി പ്രോജക്റ്റിന്റെ അടങ്കൽ തുകയായ 15.75 ലക്ഷം രൂപ വനം വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്താൽ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ടി റോഡ് നിർമ്മാണം നടത്താമെന്ന് വനം വകുപ്പ് അറിയിച്ചിട്ടതിനാൽ ടി പ്രൊജക്ട് വനം വകുപ്പ് മുഖേന നടത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) മേൽ വിഷയം 24.04.2025-ന് ചേർന്ന സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. മേല്പരാമർശം യോഗതീരുമാനപ്രകാരം അനുവദനീയമായ വിഹിതം വനം വികസന സമിതിക്ക് ഡെപ്പോസിറ്റ് ചെയ്ത് ടി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/361/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 24-05-2025 11:31:09

സെക്ഷൻ ഓഫീസർ